**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1742** **16-10-2026-ൽ മറുപടിയ്ക്ക്**

## ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ ഐ.സി.പി.എസ്.(ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം)/'മിഷൻ വാത്സല്യ' പദ്ധതികൾ വഴി ജില്ലാതലത്തിൽ സർക്കാർ ഫണ്ടുകൾ കൈകാര്യം ചെയ്യുകയും കുട്ടികളുടെ സംരക്ഷണം, പുനരധിവാസം,ധനസഹായം തുടങ്ങിയ സുപ്രധാന ചുമതലകൾ നിർവഹിക്കുകയും ചെയ്യുന്ന ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളിൽ (ഡി.സി.പി.യു.) ജില്ലാ ശിശുസംരക്ഷണ ഓഫീസർ തസ്തികയിൽ സ്ഥിരം സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും മറ്റ് തസ്തികകളിൽ കരാർ ജീവനക്കാരെയുമാണ് നിയമിച്ചുവന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇത്തരം സംവിധാനത്തിൽ പൊതുഫണ്ടിന്റെ സാമ്പത്തിക സുരക്ഷയും വ്യക്തിഗത ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ഉണ്ട്. ജില്ലാ ശിശുസംരക്ഷണ യൂണിറ്റിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിൽ ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർമാരിൽ നിന്നും ജില്ലാതല പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തുന്നത്. മറ്റ് തസ്തികകളിൽ കരാർ ജീവനക്കാരെയുമാണ് നിയമിച്ചുവരുന്നത്. എന്നാൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലെ ഡി.ഡി.ഒ -യുടെ ചുമതല നിർവ്വഹിക്കുന്നത് സ്ഥിര ജീവനക്കാരായ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരാണ്. വിവിധ പദ്ധതികൾക്കായുള്ള ഫണ്ടുകൾ ജില്ലാ വനിതാ-ശിശു വികസന ഓഫീസർമാർ മുഖാന്തിരമാണ് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് അനുവദിച്ച നൽകുന്നത്. ഇത്തരം സംവിധാനത്തിൽ പൊതുഫണ്ടിന്റെ സാമ്പത്തിക സുരക്ഷയും വ്യക്തിഗത ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിനായി പൊതു നിർദ്ദേശം കാലാകാലങ്ങളിൽ വനിതാ-ശിശു വികസന ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് നൽകാറുണ്ട്. നിലവിൽ വനിതാ-ശിശു വികസന ഡയറക്ടറുടെ 13/08/2026 ലെ DWCD/4665/2025-A3 നമ്പർ പരിപത്രം പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**(ബി)** ഓരോ ഡി.സി.പി.യു.-വും കൈകാര്യം ചെയ്യുന്ന ഫണ്ടുകളുടെ അംഗീകാരം, പിൻവലിക്കൽ, വിതരണം, ചെലവഴിക്കൽ, അക്കൗണ്ടിംഗ്, വൗച്ചർ പരിശോധന, ബാങ്ക് ഇടപാടുകൾ, ഓഡിറ്റ് എന്നിവയിൽ ഏത് ഉദ്യോഗസ്ഥർക്കാണ് അന്തിമ ഉത്തരവാദിത്തം നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ജില്ലാ ശിശുസംരക്ഷണ യൂണിറ്റിൽ സ്ഥിര ജീവനക്കാരായ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കാണ് ഡി.ഡി.ഒ.-യുടെ ചാർജ് നൽകിയിട്ടുള്ളത് എന്നതിനാൽ ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിന്റെ അന്തിമ ഉത്തരവാദിത്വം ജില്ലാ ശിശു സംരക്ഷണ ഓഫീസർക്കാണ്. പ്രസ്തുത കാര്യാലയങ്ങളിൽ ഡിപ്പാർട്ട്മെന്റ് തല ഓഡിറ്റ് നടത്തുന്നത് ജില്ലാ വനിതാ-ശിശു വികസന ഓഫീസറുടെ നേതൃത്വത്തിലുള്ള ജില്ലാ തല ഓഡിറ്റ് ടീം ആണ്.

**(സി)** കരാർ ജീവനക്കാരുടെ ഭാഗത്തുനിന്ന് സാമ്പത്തിക ക്രമക്കേട്, തെറ്റായ വിനിയോഗം, വ്യാജ രേഖകൾ, അനുവദിച്ച തുകയുടെ ദുരുപയോഗം, അക്കൗണ്ടിംഗ് വീഴ്ച തുടങ്ങിയവ കണ്ടെത്തിയാൽ നഷ്ടപ്പെട്ട സർക്കാർ തുക അവരിൽ നിന്ന് തിരിച്ചുപിടിക്കുന്നതിനുള്ള നിയമപരവും കരാർപരവുമായ വ്യവസ്ഥകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

**മറുപടി:** ഉണ്ട്. 19/04/2024 ലെ DWCD/594/2024-E9 നം സർക്കുലർ, 28/03/2025 ലെ DWCD/1531/2025-E9 നം സർക്കുലർ എന്നിവ പ്രകാരം റവന്യൂ റെക്കവറി ആക്ട് 1968 പ്രകാരമുള്ള ക്ലോസുകൾ ഉൾപ്പെടുത്തിയാണ് കരാർ ജീവനക്കാരുമായി കരാറിലേർപ്പെടുന്നത്. സാമ്പത്തിക ക്രമക്കേട്, തെറ്റായ വിനിയോഗം, വ്യാജ രേഖകൾ, അനുവദിച്ച തുകയുടെ ദുരുപയോഗം, അക്കൗണ്ടിംഗ് വീഴ്ച തുടങ്ങിയവ കണ്ടെത്തിയാൽ നഷ്ടപ്പെട്ട സർക്കാർ തുക അവരിൽ നിന്ന് തിരിച്ചുപിടിക്കുന്നതിനുള്ള റവന്യൂ റെക്കവറി ആക്ട് 1968 പ്രകാരമുള്ള ക്ലോസുകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഇത്തരം സാഹചര്യത്തിൽ കേരള ഫിനാൻഷ്യൽ കോഡിലെ നിയമം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ഡി)** കരാർ കാലാവധി അവസാനിച്ചതിനുശേഷം ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്ന് സർക്കാർ തുക തിരിച്ചുപിടിക്കേണ്ട സാഹചര്യമുണ്ടായാൽ, ബാധ്യത നിശ്ചയിക്കുന്നതിനും തുക ഈടാക്കുന്നതിനും റവന്യൂ റിക്കവറി/മറ്റ് നിയമനടപടികൾ സ്വീകരിക്കുന്നതിനുമുള്ള വ്യക്തമായ സംവിധാനം നിലവിലുണ്ടോ;

**മറുപടി:** ഉണ്ട്. റവന്യൂ റെക്കവറി ആക്ട് 1968 ലെ "*In the event of any loss caused to the 'Second Party' by the 'First Party' including loss of valuables in her custody or withdrawn of monetary benefits in excess of entitlement under service conditions, the 'First Party' agrees to make good such loss. Failing which, the 'Second Party' shall have the right to recover such loss from the 'First Party' through revenue recovery proceedings under the Revenue Recovery Act, 1968.*" എന്ന നിബന്ധന ഉൾപ്പെടുത്തിയാണ് കരാർ ജീവനക്കാരുമായി കരാറിലേർപ്പെടുന്നത്. ആകയാൽ കരാർ കാലാവധി അവസാനിച്ചതിനു ശേഷവും ടി ജീവനക്കാരിൽ നിന്ന് സർക്കാർ തുക തിരിച്ചു പിടിക്കുന്നതിനു റവന്യൂ റെക്കവറി ആക്ട് 1968 അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**(ഇ)** ഡി.സി.പി.യു.-കളിലെ ഓഫീസർ ഒഴികെയുള്ള ബാക്കി മുഴുവൻ ജീവനക്കാരും കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ, കോടിക്കണക്കിന് രൂപയുടെ പൊതുഫണ്ട് കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിൽ സാമ്പത്തിക അധികാരവും ഉത്തരവാദിത്തവും ഒരേ വ്യക്തിയിലോ പരിമിതമായ ജീവനക്കാരിലോ കേന്ദ്രീകരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള ഇന്റേണൽ കൺട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഡി.സി.പി.യു.-കളിലെ ജീവനക്കാരുടെ നിയമനരീതിയും സാമ്പത്തിക അധികാരവും സംബന്ധിച്ച് കേന്ദ്ര മിഷൻ വാത്സല്യ പദ്ധതിയിൽ മാർഗ്ഗനിർദേശങ്ങൾ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള പരിശോധനാ സംവിധാനമെന്താണ്; വിശദമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. കേന്ദ്ര മിഷൻ വാത്സല്യ പദ്ധതിയിൽ മാർഗ്ഗനിർദേശങ്ങൾ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ജില്ലാ വനിതാ-ശിശു വികസന ഓഫീസറുടെ നേതൃത്വത്തിലുള്ള ജില്ലാ തല ഓഡിറ്റ് ടീം മോണിറ്ററിംഗ് നടത്തുന്നുണ്ട്. കൂടാതെ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി സംസ്ഥാന കാര്യാലയത്തിലെ പ്രോഗ്രാം മാനേജരുടെ നേതൃത്വത്തിലുള്ള ടീം ഫീൽഡ് വിസിറ്റ്, വനിതാ-ശിശു വികസന ഡയറക്ടറുടെ നേതൃത്വത്തിൽ റിവ്യൂ മീറ്റിംഗ് എന്നിവ മുഖാന്തിരം മോണിറ്ററിംഗ് നടത്തുന്നുണ്ട്.

**(എഫ്)** ഓരോ ഡി.സി.പി.യു.-വിലും വാർഷിക ഓഡിറ്റ്, സോഷ്യൽ ഓഡിറ്റ്/ഇന്റേണൽ ഓഡിറ്റ്, ധനവിനിയോഗ പരിശോധന, ഫണ്ട് ഉപയോഗ സർട്ടിഫിക്കറ്റ് പരിശോധന എന്നിവ നിർബന്ധമാക്കിയിട്ടുണ്ടോ; ആയതിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സാമ്പത്തിക അപാകതകളും ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാണോ;

**<u>മറുപടി:</u>** ഉണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സാമ്പത്തിക അപാകതകളും ക്രമക്കേടുകളും റിപ്പോർട്ട് ചെയ്തിട്ടില്ല.

**(ജി)** ഡി.സി.പി.യു. പോലെയുള്ള ജില്ലാതല ബാലസംരക്ഷണ സംവിധാനങ്ങളിൽ വലിയ തോതിലുള്ള പൊതുഫണ്ട് കൈകാര്യം ചെയ്യുന്നതിനാൽ, സാമ്പത്തിക ഉത്തരവാദിത്തമുള്ള സൂപ്പർവൈസറി തസ്തികകളിൽ സ്ഥിരം സർക്കാർ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ചോ നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചോ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ശിപാർശകളും തുടർനടപടികളും വ്യക്തമാക്കുമോ?

**<u>മറുപടി:</u>** പഠനം നടത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**

**"ഭരണഭാഷ - മാതൃഭാഷ"**

DWCD/4665/2025-A3

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
✆ 0471-2346508, 2346534
ഇ-മെയിൽ: wcdfunds@gmail.com

തീയതി: 13-08-2026

**പരിപത്രം**

വിഷയം:- വനിത ശിശു വകുപ്പ്- 2026-27 സാമ്പത്തിക വർഷം - വകുപ്പിന്റെ വിവിധ ശീർഷകങ്ങളിൽ പദ്ധതി വിഹിതം തുക ചെലവഴിക്കുമ്പോൾ/ അലോട്ട്മെന്റ് അപേക്ഷ നൽകുമ്പോൾ പാലിക്കേണ്ട മാർഗ നിർദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. ബജറ്റ് 2026-27

2. 16.08.2024 ലെ DWCD/369/2022-A3 നം പരിപത്രം

3. 24.05.2019 ലെ 34/2019/ ധന. നം. പരിപത്രം

വനിത ശിശു വികസന വകുപ്പിൻ കീഴിലെ വിവിധ കീഴ് കാര്യാലയങ്ങളിൽ നിന്നും പ്രതിമാസം, ദൈനംദിന ചെലവുകൾക്ക് ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് നൽകുന്ന അലോട്ട്മെന്റ് അപേക്ഷകളിൽ പലതും അവ്യക്തമായതും അപൂർണമായതും യഥാസമയം ലഭ്യമാകാത്തതുമാണ്. കൂടാതെ, വിവിധ ശീർഷകങ്ങളിൽ പദ്ധതി വിഹിതം തുക വിനിയോഗിക്കുമ്പോൾ ശീർഷകം മാറി തുക ചെലവഴിക്കുന്നതും ശ്രദ്ധയിൽ പെട്ടിരിക്കുന്നു. ഇപ്രകാരം ശീർഷകം മാറി ചെലവഴിക്കുന്നത് മൂലം വകുപ്പിന്റെ യഥാർത്ഥ പദ്ധതി ചെലവ് കണക്കാക്കുന്നതിൽ വീഴ്ച നേരിടുന്നു.

ഈ സാഹചര്യത്തിൽ, വകുപ്പിന്റെ വിവിധ ശീർഷകങ്ങളിൽ പദ്ധതി വിഹിതം തുക ചെലവഴിക്കുന്നതിനും, അലോട്ട്മെന്റ് അപേക്ഷകൾ നൽകുന്നതിനും പാലിക്കേണ്ട മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. DDO മാർ ശീർഷകം മാറി പദ്ധതി/പദ്ധതിയിതര തുക വിനിയോഗിക്കാൻ പാടുള്ളതല്ല. ശീർഷകം മാറി തുക വിനിയോഗിക്കുന്നത് DDO മാരുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി തുടർ നപടി സ്വീകരിക്കുന്നതായിരിക്കും.
2. Contingent ബില്ലുകൾ, Contingent Bill Register-ൽ രേഖപ്പെടുത്തി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ DDO-മാർ ബില്ലുകളിൽ e-sign രേഖപ്പെടുത്തുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇപ്രകാരം e-sign രേഖപ്പെടുത്തുമ്പോൾ ശീർഷകം മാറി തുക വിനിയോഗിക്കുന്നില്ല എന്ന് വ്യക്തിപരമായ ശ്രദ്ധ പുലർത്തി ഉറപ്പ് വരുത്തേണ്ടതാണ്.
3. ഒരു ഓഫീസിൽ പ്രതിമാസം ലഭ്യമാകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രമേ വാട്ടർ ചാർജ്, ടെലിഫോൺ ചാർജ് എന്നിവയുടെ അലോട്ട്മെന്റ് റിക്വസ്റ്റ് അയയ്ക്കാൻ പാടുള്ളൂ.
4. ജീവനക്കാരുടെ പക്കൽ നിന്നും ഇത്തരം ആവശ്യങ്ങൾക്ക് ഫണ്ട് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ചെലവഴിച്ച തുകയുടെ ബില്ലിന്റെ പകർപ്പ് ഉൾപ്പെടെ അനുബന്ധം i ലെ ഫോർമാറ്റിൽ അലോട്ട്മെന്റ് റിക്വസ്റ്റിനോടൊപ്പം മെയിൽ ചെയ്യേണ്ടതാണ്.
5. ഓഫീസ് ചെലവിനങ്ങളിൽ തുക ആവശ്യപ്പെടുമ്പോൾ, ആയത് എന്ത് ആവശ്യത്തിനുവേണ്ടിയാണ് എന്ന് വ്യക്തമാക്കേണ്ടതാണ്.
6. ടൂർ ടി എ , ട്രാൻസ്ഫർ ടി എ എന്നിവയുടെ അലോട്ട്മെന്റ് റിക്വസ്റ്റിൽ ബില്ലുകളുടെ പകർപ്പും അനുബന്ധം ii ലെ കൺസോളിഡേറ്റഡ് ഷീറ്റും ഉള്ളടക്കം ചെയ്യേണ്ടതാണ്.
7. ടൂർ ടി എ, ട്രാൻസ്ഫർ ടി എ എന്നിവ പാസ്സാക്കി ലഭ്യമാകുന്ന/ പാസ്സാക്കി നൽകുന്ന മുറയ്ക്ക് 3

മാസം കൂടുംതോറും അലോട്ട്മെന്റിനായി അപേക്ഷ നൽകേണ്ടതാണ്. (3 മാസത്തിനുള്ളിൽ എത്ര ബില്ലുകൾ പാസ്സാക്കി ലഭിച്ചോ അത്രയും എണ്ണം 3 മാസം കൂടുംതോറും അയക്കേണ്ടതുമാണ്). വർഷാവസാനം ഒരുമിച്ച അലോട്ട്മെന്റ് ചോദിയ്ക്കുന്നത് നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

8. ഒരു മാസം അലോട്ട്മെന്റിന് അപേക്ഷിക്കുമ്പോൾ ആ ശീർഷകത്തിൽ അലോട്ട്മെന്റ് ലഭിച്ചിട്ടില്ലെങ്കിൽ തൊട്ടടുത്തുള്ള മാസത്തിൽ അതു കൂടി ഉൾപ്പെടുത്തി അലോട്ട്മെന്റ് റിക്വസ്റ്റ് സമർപ്പിക്കേണ്ടതാണ്.
9. ജില്ലകളിലെ മഹിള മന്ദിരങ്ങളിലെ താമസക്കാരുടെ ദൈനംദിന ചെലവുകൾക്ക് ഉള്ള അലോട്ട്മെന്റ് റിക്വസ്റ്റ് ആവശ്യകത അനുസരിച്ച് നേരിട്ട് ഡയറക്ടറേറ്റിലെ WEC സെക്ഷന് അയക്കേണ്ടതാണ്.
10. നോൺ പ്ലാൻ /പ്ലാൻ ശീർഷകങ്ങളിലെ അലോട്ട്മെൻ്റ് അപേക്ഷകൾ മെയിൻ ശീർഷകങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം iii പ്രകാരം പ്രത്യേകം പ്രത്യേകം ഷീറ്റുകളിലായി നിശ്ചിത പ്രോഫോർമയിൽ ജില്ല ഓഫീസിലെയും, കീഴ് കാര്യാലയങ്ങളിലേയും അപേക്ഷകൾ ക്രോഡീകരിച്ച് അലോട്ട്മെന്റ് അപേക്ഷകൾ wcdfunds@gmail.com എന്ന മെയിലിൽ എല്ലാ മാസവും 25 നും 30 നും ഇടയിൽ അയക്കേണ്ടതാണ്.
11. ജില്ല വനിത ശിശു വികസന ഓഫീസർമാർ, അവർക്ക് അനുവദിച്ചിട്ടുള്ള Delegation of Financial Power സൂചന (2) പരിപത്ര പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി ഉപയോഗിക്കേണ്ടതും അതിലേക്ക് ആവശ്യമുള്ള അലോട്ട്മെന്റ് റിക്വസ്റ്റ് പ്രത്യേകമായി അയക്കേണ്ടതും. രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.
12. 2235-02-102-57(NP), 2235-02-103-85(NP), 2235-02-104-96(NP), 2235-02-106-94(NP). 2235-02-106-95(NP). 2235-02-106-96(NP), 2235-02-106-99(NP). എന്നീ ശീർഷകങ്ങളിൽ പൊതു ജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് (67-Basic Amenities to Public) തുക വകയിരുത്തിയിട്ടുണ്ട്. ഈ ഫണ്ട് സൂചന (4) പരിപത്ര പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി വിനിയോഗിക്കേണ്ടതാണ്.
13. (3) മുതൽ (12) വരെയുള്ള നിബന്ധനകൾ പാലിക്കാതെ ലഭിയ്ക്കുന്ന അലോട്ട്മെൻറ് റിക്വസ്റ്റുകൾ യാതൊരു കാരണവശാലും പരിഗണിയ്ക്കുന്നതല്ല. ജില്ലാ ആഫീസർമാർ ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതാണ്.

V. VIGNESHWARI. IAS
**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും

എല്ലാ വനിതാ സംരക്ഷണ ഓഫീസർമാർക്കും

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

എല്ലാ ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കും

വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/1531/2025-E9

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര, തിരുവനന്തപുരം
തീയതി : 28-03-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

## സർക്കുലർ

വിഷയം: വനിത ശിശുവികസന വകുപ്പ്- വിവിധ കേന്ദ്ര സംസ്ഥാന പദ്ധതിയിൻ കീഴിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുമായി ഏർപ്പെടുന്ന കരാറിൽ ഉൾപ്പെടുത്തേണ്ട വ്യവസ്ഥകൾ സംബന്ധിച്ച നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്:-

സൂചന: 1) വനിത ശിശുവികസന ഡയറക്ടറുടെ 19.04.2024 DWCD/594/2024-E9 നം സർക്കുലർ.
2) 30.12.2024 ലെ WCD-C1/34/2023-WCD-Part (5) നം സർക്കാർ കത്ത്.

വനിതാ ശിശു വികസന വകുപ്പിനും അതിന്റെ കീഴ് കാര്യാലയങ്ങളിലും വിവിധ കേന്ദ്ര സംസ്ഥാന പദ്ധതിയിൻ കീഴിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുമായി ഏർപ്പെടുന്ന കരാറിൽ ഉൾപ്പെടുത്തേണ്ട വ്യവസ്ഥകൾ സംബന്ധിച്ച നിർദ്ദേശം സൂചന (1) പ്രകാരം ഈ കാര്യലയത്തിൽ നിന്നും പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ടി ജീവനക്കാരുമായി ഏർപ്പെടുന്ന കരാറിൽ പുതിയ 2 വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തുന്നതിന് സൂചന (2) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ നിലവിൽ ചേർത്തു വരുന്ന വ്യവസ്ഥകൾക്ക് പുറമേ സൂചന (2) സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കരാർ ജീവനക്കാരുമായുള്ള എഗ്രിമെന്റിൽ ഉൾപ്പെടുത്തേണ്ട പുതിയ 2 വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. "In the case of revision of guidelines with the respect to the leave under the Scheme during the period of operation of the agreement, such revised guidelines will apply in the matter of leave notwithstanding anything contained in Appendix VIII Kerala Service Rules."

2. "In case of any loss caused to the Second Party on the part of the First Party by way of causing loss of valuables of the Second Party in his custody or of drawal of monetary benefits in excess of entitlement under service conditions, First Party hereby agrees to make good such loss caused to the Second Party and failing which

the Second Party shall have the right to recover such loss from the First Party through the revenue recovery proceedings under the Revenue Recovery Act,1968."

പ്രസ്തുത സാഹചര്യത്തിൽ മേൽ വ്യവസ്ഥകൾക്കൂടി ഉൾപ്പെട്ടുത്തികൊണ്ട് മാത്രമേ വനിതാ ശിശു വികസന വകപ്പിനും അതിന്റെ കീഴ് കാര്യാലയങ്ങളിലും വിവിധ കേന്ദ്ര സംസ്ഥാന പദ്ധതിയിൻ കീഴിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുമായി കരാറിൽ ഏർപ്പെടാവൂ. ആയത് എല്ലാ കീഴ് കാര്യാലയ മേധാവികളും ഉറപ്പ് വരുത്തേണ്ടതാണ്. മേൽ ഭേദഗതിയോട്ടുകൂടി സൂചന (1) സർക്കുലർ നിലനിൽക്കുന്നതാണ്.

HARITHA V KUMAR
വനിത ശിശു കസന ഡയറക്ടർ

Signed by
Haritha V Kumar
Date: 05-04-2025 11:59:11

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/594/2024-E9

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര, തിരുവനന്തപുരം
തീയതി : 19-04-2024

**സർക്കുലർ**

വിഷയം:- വനിത ശിശുവികസന വകുപ്പ്- ജീവനക്കാര്യം - കരാർ ജീവനക്കാരുടെ പണിമുടക്കുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശം എഗ്രിമെന്റിൽ ഉൾപ്പെടുത്തുന്നതിന് കീഴ്കാര്യാലയ മേധാവികൾക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്:-

സൂചന:-

1. 03.01.2024 ലെ WCD-C1/55/2023-WCD-Part(1) നം സർക്കാർ കത്ത്.
2. 11.01.2024 ലെ WCD-C1/34/2023-WCD-Part(5) നം സർക്കാർ കത്ത്.
3. ഐ.സി.പി.എസ് പ്രോഗ്രാം മാനേജരുടെ 30.01.2024 ലെ DWCD/2228/2023-ICPS5 നം യു.ഒ നോട്ട്.

എസ്.സി.പി.എസ് ന് കീഴിലെ കരാർ ജീവനക്കാർ പണിമുടക്കിൽ പങ്കെടുത്ത ദിവസങ്ങളിലെ സേവനകാലം ക്രമീകരിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സൂചന (2) പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത നിർദ്ദേശം എല്ലാ കീഴ്കാര്യാലയ മേധാവികളെയും അറിയിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നും സൂചന (3) പ്രകാരം ഐ.സി.പി.എസ് പ്രോഗ്രാം മാനേജർ അഭ്യർത്ഥിച്ചിട്ടുണ്ട്.

വകുപ്പിൽ കേന്ദ്ര സംസ്ഥാന പദ്ധതിയിൻ കീഴിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അനുവദിക്കപ്പെട്ട അവധിയിന്മേൽ അല്ലാതെ ജോലിയിൽ നിന്നും വിട്ട് നിൽക്കാൻ പാടില്ലായെന്നും അപ്രകാരം ജോലിയിൽ നിന്നു വിട്ടു നിൽക്കുന്നത് കരാർ വ്യവസ്ഥയുടെ ലംഘനമായതിനാൽ തന്നെ കരാർ ജീവനക്കാർ ജോലി ചെയ്യാത്ത ദിവസങ്ങളിൽ അവർക്ക് ശമ്പളത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ലായെന്നും. വകുപ്പിൽ കേന്ദ്ര സംസ്ഥാന പദ്ധതിയിൻ കീഴിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന പക്ഷം ടി ജീവനക്കാരുടെ കരാർ റദ്ദ് ചെയ്യപ്പെടുമെന്ന വ്യവസ്ഥയും, കരാർ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിച്ച്കൊണ്ട് ധന വകുപ്പിൽ നിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ പൊതു മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, സ്ഥിരപ്പെടുത്താൻ യാതൊരു അവകാശ വാദവും ഉണ്ടായിരിക്കില്ല എന്ന നിബന്ധനകൂടി കരാറിൽ ഉൾപ്പെടുത്തികൊണ്ട് മാത്രം ടി ജീവനക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതാണെന്നും സൂചന (1, 2) എന്നിവ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ സൂചന (1, 2) സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കരാർ ജീവനക്കാരുമായുള്ള എഗ്രിമെന്റിൽ ഉൾപ്പെടുത്തേണ്ട വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. In case of unauthorized absence on the part of the First Party (Employee) during the tenure of the contract, it will be treated as violation of the terms of this contract. Accordingly, the contract will be cancelled and the First Party (Employee) shall be terminated from service forthwith.

2. The First Party (Employee) shall strictly comply with the provisions of the general orders issued by the Finance Department regarding appointment of Daily wage / contract and the First Party (Employee) hereby agrees that no claim for regularization will be made later on the basis of this contractual employment.

I/158158/2024

പ്രസ്തുത സാഹചര്യത്തിൽ മേൽ വ്യവസ്ഥകളുടി ഉൾപ്പെടുത്തികൊണ്ട് മാത്രമേ വകുപ്പിൽ കേന്ദ്ര സംസ്ഥാന പദ്ധതിയിൻ കീഴിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുമായി കരാറിൽ ഏർപ്പെടാവൂ. ആയത് എല്ലാ കീഴ്ക്കാര്യാലയ മേധാവികളും ഉറപ്പ് വരുത്തേണ്ടതുമാണ്.

ഹരിത.വി.കുമാർ, ഐ എ എസ്
**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും

<u>പകർപ്പ്</u>

1. പ്രോഗ്രാം മാനേജർ, ഐ സി പി എസ്
2. ഫയൽ /സ്റ്റോക്ക് ഫയൽ